പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3726 20.06.2019 ൽ മറുപടിയ്ക്ക്

ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സജി ചെറിയാൻ<br>ശ്രീ.പി.കെ. ശശി<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ വകുപ്പിന്റെ കീഴിൽ ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് വിഷയത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന ഒരു ഇൻഡിജനസ് ഫുഡ് ടെക്നോളജി കോളേജും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് കെമിക്കൽ ഡിവിഷനും മൈക്രോബയോളജി ഡിവിഷനും ഉൾപ്പെടുത്തി ഒരു ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലാബും ഭക്ഷ്യ സംരംഭകർക്കും ഈ മേഖലയിലുള്ള തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിന് ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്ററും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കോന്നിയിൽ ട്രെയിനിംഗ് സെന്ററും പ്രവർത്തിച്ചു വരുന്നു. സെന്റർ ഫോർ വാല്യു ആഡഡ് ഫുഡ് പ്രോഡക്റ്റ്സ് ഡവലപ്മെന്റ് & ഡെമോൺസ്ട്രേഷൻ, റീജിയണൽ ലബോറട്ടറീസ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പഴങ്ങളും പച്ചക്കറികളും ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന ശീതീകരണ ശാലയും നിർജ്ജലീകരണ പ്ലാന്റും എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ടി കൗൺസിലിന്റെ കീഴിൽ നിർമ്മിച്ചു വരുന്നു. |
| (ബി) | ഇതിനായി ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിനായി ഭക്ഷ്യപാർക്ക്, മിനി ഫുഡ് ബിസിനസ് ഇൻക്യുബേഷൻ സെന്റർ എന്നിവ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മിനി ഇൻക്യുബേഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തികരിച്ചു. സെന്ററിന് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങാനും ഫുഡ് പാർക്കിനാവശ്യമായ സ്ഥലം കണ്ടെത്താനും നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഭക്ഷ്യ സുരക്ഷ സംബന്ധിച്ച പരിശീലന പരിപാടി, മൂല്യവർദ്ധിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം തുടങ്ങിയവ സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭക്ഷ്യ സുരക്ഷ സംബന്ധിച്ചും മൂല്യവർദ്ധിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം തുടങ്ങിയവ സംബന്ധിച്ചും ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററിൽ വിവിധ വിഭാഗം ജനങ്ങൾക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ മിനി ഇൻക്യുബേഷൻ സെന്ററിന്റെ സേവനവും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ